"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിതാശിശു വികസന വകുപ്പ്- കേരള വനിതാ കമ്മീഷൻ -ജീവനക്കാര്യം- ശ്രീമതി. ആതിര ഐ. ബി, ക്ലർക്കിന്റെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിതാശിശുവികസന (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.340/2025/WCDD തീയതി,തിരുവനന്തപുരം, 19-07-2025

---

പരാമർശം:-

1. സ.ഉ(സാധാ)നം.193/2024/ഡബ്ള്യു സി ഡി ഡി, തീയതി. 10/06/2024
2. കേരള വനിതാ കമ്മീഷൻ മെമ്പർ സെക്രട്ടറിയുടെ കത്ത് നം. A3/1076/2024/കേവക, തീയതി. 19/05/2025

**ഉത്തരവ്**

ഏറ്റുമാനൂർ സബ് രജിസ്ട്രാർ ഓഫീസിൽ ക്ലർക്ക് ആയി സേവനമനുഷ്ഠിക്കവെ, ശ്രീമതി. ആതിര ഐ. ബിയെ പരാമർശം (1) പ്രകാരം കേരള വനിതാ കമ്മീഷനിൽ ക്ലർക്ക് തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കുകയുണ്ടായി. തന്റെ അന്യത്രസേവന കാലാവധി 21/06/2025-ന് അവസാനിക്കുന്നതിനാൽ ആയത് ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ചു നൽകുന്നതിനായി പ്രസ്തുത ഉദ്യോഗസ്ഥ സമർപ്പിച്ച അപേക്ഷ, ശിപാർശ ചെയ്തുകൊണ്ട് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ നിരാക്ഷേപപത്രം സഹിതം പരാമർശം (2) പ്രകാരം കമ്മീഷൻ മെമ്പർ സെക്രട്ടറി സർക്കാരിനു ലഭ്യമാക്കിയിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള വനിതാ കമ്മീഷൻ മെമ്പർ സെക്രട്ടറിയുടെ ശിപാർശ പരിഗണിച്ച് അന്യത്രസേവന വ്യവസ്ഥകളുടെ പതിവ് നിബന്ധനകൾക്കും ഉപാധികൾക്കും വിധേയമായി ശ്രീമതി. ആതിര ഐ. ബി, ക്ലർക്കിന്റെ കമ്മീഷനിലെ അന്യത്രസേവന കാലാവധി 22/06/2025 മുതൽ ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ചു നൽകിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**MANOJ M S**

അണ്ടർ സെക്രട്ടറി

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ, വഞ്ചിയൂർ, തിരുവനന്തപുരം (കത്ത് നം. IGR/1269/2024-E5, തീയതി. 12/05/2025 പ്രകാരം)
മെമ്പർ സെക്രട്ടറി, കേരള വനിതാ കമ്മീഷൻ, തിരുവനന്തപുരം
ശ്രീമതി. ആതിര ഐ. ബി, ക്ലർക്ക് (on deputation), കേരള വനിതാ കമ്മീഷൻ (മെമ്പർ സെക്രട്ടറി മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനനന്തപുരം
വെബ്&ന്യൂ മീഡിയ/ഓഫീസ് കോപ്പി/ സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by Sithara Vijayan
Date: 21-07-2025 23:08:05

സെക്ഷൻ ഓഫീസർ